**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം..1272** **15/06/2012ലെ മറുപടിയ്ക്ക്**

# 12-ാം പഞ്ചവത്സരപദ്ധതി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ, | **ശ്രീ. കെ. സി. ജോസഫ്** (ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| (എ) 12-ാം പഞ്ചവത്സര പദ്ധതി ഏതു വിധത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) ഉത്പാദനക്ഷമവും മത്സരക്ഷമവും സുസ്ഥിരവും സർവ്വതല സ്പർശിയുമായ ഒരു സാമ്പത്തിക അടിത്തറ സൃഷ്ടിക്കുക എന്ന മൗലിക തന്ത്രമാണ് 12-ാം പദ്ധതി സമീപന രേഖയുടെ കാതൽ |
| (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-13 വർഷത്തേക്കുള്ള പദ്ധതി രൂപീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) കരട് മാർഗ്ഗ രേഖ സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി തദ്ദേശ ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട് |
| (സി) പദ്ധതി രൂപീകരണത്തിന് വളരെ സഹായകരമായി പ്രവർത്തിച്ചിരുന്ന സാങ്കേതിക സഹായ ഗ്രൂപ്പുകളേയും അനുബന്ധ കമ്മിറ്റികളേയും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഇതു സംബന്ധിച്ച വിവരങ്ങൾ കരട് മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ഡി) എങ്കിൽ പ്രസ്തുത നടപടി ജനകീയാസൂത്രണ പദ്ധതിയെ എങ്ങനെ ബാധിക്കുമെന്ന് പറയാമോ; | (ഡി) കൂടുതൽ ശക്തിപ്പെടുത്തുമെന്നാണ് കരുതുന്നത് |

| | |
|---|---|
| (ഇ) ഇത്തരം ഗ്രൂപ്പുകളെ ഒഴിവാക്കിയാൽ എന്തു ഗുണമാണ് പദ്ധതി രൂപീകരണത്തിന് ലഭിക്കുന്നതെന്ന് അറിയിക്കാമോ;<br><br>(എഫ്) പദ്ധതി ആസൂത്രണം ഉദ്യോഗസ്ഥരെ മാത്രം ആശ്രയിച്ചു നടപ്പാക്കാനാണോ ഉദ്ദേശിക്കുന്നത്;<br><br>(ജി) ഇത് ഉദ്യോഗസ്ഥരുടെ ജോലിഭാരം കൂട്ടുകയും ജനകീയ പങ്കാളിത്തം ഇല്ലാതാക്കുകയും ചെയ്യും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ)<br>(എഫ്)<br>(ജി)<br>ഉദ്യോഗസ്ഥരുടെ നിയന്ത്രണം അവസാനിപ്പിച്ച് തെരഞ്ഞെടുത്ത സമിതികൾക്ക് കൂടുതൽ അധികാരം നൽകാനാണ് ഉദ്ദേശിക്കുന്നത് തൻമൂലം വർദ്ധിച്ച ജന പങ്കാളിത്തം ഉറപ്പു വരുത്തുവാൻ കഴിയും |
| (എച്ച്) 2012-13 വർഷത്തെ പദ്ധതി രൂപീകരണം എന്നു തുടങ്ങാനാകുമെന്ന് വ്യക്തമാക്കുമോ? | (എച്ച്) ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ